(ബി) ഉണ്ടെങ്കിൽ ഇടിഞ്ഞു പൊളിഞ്ഞു വീഴാവുന്ന സ്ഥിതിയിലുള്ള കുന്തിപ്പുഴ പാലത്തിന്റെ അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അറ്റകുറ്റപ്പണികൾ നടത്തുന്ന കാര്യം പരിശോധിച്ചു വരുന്നു.

മുട്ടന്നൂർ-എടയന്നൂർ റോഡ്

130 (2111) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മുട്ടന്നൂർ-എടയന്നൂർ റോഡ് അഭിവൃദ്ധിപ്പെടുത്തി ഗതാഗതയോഗ്യമാക്കുന്നതിന് കരാർ നൽകിയിട്ടുണ്ടോ ; എങ്കിൽ എന്ന് എത്ര രൂപയ്ക്കാണ് കരാർ നൽകിയതെന്ന് വ്യക്തമാക്കുമോ ;

(ബി) കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി എന്നെന്നറിയിക്കുമോ ;

(സി) ഈ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇതിനോടകം എത്ര രൂപ കരാറുകാരന് നൽകിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ഡി) അടിയന്തിരമായി ഈ പ്രവൃത്തി പൂർത്തീകരിച്ച് റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഈ റോഡ് ഗതാഗതയോഗ്യമാക്കുന്നതിനുള്ള കരാർ 28-9-1996-ൽ 32,59,852 രൂപയ്ക്ക് നൽകിയിട്ടുണ്ട്.

(ബി) 27-3-1998-ൽ

(സി) മെറ്റലിംഗും അനുബന്ധപ്രവൃത്തികളും പൂർത്തിയായി. ഇതിനോടകം കരാറുകാരന് 28,88,446 രൂപ നൽകി.

(ഡി) പണി പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

കക്കാട് കനാൽ റോഡ് ബൈപ്പാസാക്കാൻ നടപടി

131 (2112) ശ്രീ. സി. മൊയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിലെ വാഹനഗതാഗതത്തിരക്ക് അനുഭവപ്പെടുന്ന കക്കോടി ടൗണിൽ യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നിലവിലുള്ള കനാൽ റോഡ് ബൈപ്പാസ് റോഡാക്കി ഉയർത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) ഇതേക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly